"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-സർവ്വെയും ഭൂരേഖയും വകുപ്പിൽ സർവ്വെയർ ഗ്രേഡ് II, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II, എന്നീ തസ്തികകളിലേയ്ക്ക് പ്രത്യേകമായി നടത്തുന്ന നിയമനം ഭാവിയിൽ "സർവ്വെയർ കം ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II" എന്ന ഒറ്റ തസ്തികയിലേയ്ക്ക് മാത്രമായി നടത്തുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1062/2024/RD തീയതി,തിരുവനന്തപുരം, 21-03-2024

---

പരാമർശം:- 1. 30/09/1966 ലെ സ.ഉ.(പി).545/1966/റവ നം. ഉത്തരവ്

2. സർവ്വേ ഡയറക്ടറുടെ 05/7/2017, 21/12/2017 എന്നീ തീയതികളിലെ ബി.1/15963/2017 നം. കത്തുകൾ

**ഉത്തരവ്**

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച സ്പെഷ്യൽ റൂൾസ് പ്രകാരം സർവ്വേയും ഭൂരേഖയും വകുപ്പിൽ ഫീൽഡ് സർവ്വേ ചെയ്യുന്ന സർവ്വേയർ തസ്തികയും (ഫീൽഡ് വിഭാഗം), സർവ്വെയർ തയ്യാറാക്കുന്ന റിക്കാർഡുകളുടെ സാങ്കേതിക പരിശോധന നടത്തുന്ന ഡ്രാഫ്റ്റ്സ്മാൻ തസ്തികയും (ഓഫീസ് വിംഗ്) ആണ് നിലവിലുള്ളത്. കൺവെൻഷണൽ രീതിയിൽ നടത്തി വന്നിരുന്ന സർവ്വെ പ്രവർത്തനങ്ങൾ, ആധുനിക ഉപകരണങ്ങളായ RTK, RETS, ജി.പി.എസ്, കമ്പ്യൂട്ടർ എന്നിവയുടെ സഹായത്തോടെ വളരെ വേഗത്തിൽ ഫീൽഡ് പരിശോധന നടത്തുവാനും ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക പരിശോധന നടത്തുവാനും നിലവിൽ കഴിയുന്നുണ്ട്. ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുക വഴി കൺവെൻഷണൽ രീതിയിലുള്ള പല ജോലികളും ഇപ്പോൾ ആവശ്യമില്ലാത്ത അവസ്ഥയിലാണ്. ടെക്നിക്കൽ വിഭാഗം ജീവനക്കാരായ ഡ്രാഫ്റ്റ്സ്മാൻമാർക്ക് സർവ്വെയും ഭൂരേഖയും വകുപ്പിലെ ആധുനികവത്കരണത്തോടെ പരമ്പരാഗതമായി ചെയ്തു വന്നിരുന്ന ഓഫീസ് ജോലികളിൽ കുറവ് വരികയും ചെയ്തിട്ടുണ്ട്. സർവ്വെയർ, ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളുടെ യോഗ്യതയും ശമ്പള സ്കെയിലും തുല്യമാണ്. ഇവർ സർവ്വീസിൽ പ്രവേശിച്ചതിന് ശേഷം ഒരുമിച്ചാണ് ഇവർക്കുള്ള പരിശീലനം നൽകുന്നത്. ഈ സാഹചര്യത്തിൽ സർവ്വെയർ, ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളിലേയ്ക്ക് പ്രത്യേകം നിയമനം നടത്തേണ്ടതില്ലെന്നും രണ്ട് തസ്തികകളും സംയോജിപ്പിച്ചുകൊണ്ട് സർവ്വെയർ കം ഡ്രാഫ്റ്റ്സ്മാൻ എന്ന തസ്തികയിലേയ്ക്ക് മാത്രമായി നിയമനം നടത്തിയാൽ പുതിയതായി നിയമിക്കുന്നവരുടെ സേവനം ഫീൽഡ് ജോലിയ്ക്കും ടെക്നിക്കൽ ജോലിയ്ക്കും ആവശ്യാനുസരണം വിനിയോഗിക്കാവുന്നതാണെന്നും ആയതിനാൽ ഇനിമുതൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള തെരഞ്ഞെടുപ്പിൽ സർവ്വെയർ കം ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II എന്ന തസ്തികയിലേക്ക് മാത്രമായി അപേക്ഷ ക്ഷണിച്ച് നിയമനം നടത്തണമെന്നും ആയതനുസരിച്ച് കേരള സർവ്വെ ആൻറ് ലാൻഡ് റെക്കോർഡ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ വേണ്ട ഭേദഗതി വരുത്തണമെന്നും സർവ്വെ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. ഡ്രാഫ്റ്റ്സ്മാൻമാർക്ക് സർവ്വെയിൽ വേണ്ടത്ര പരിശീലനം നൽകി അവരെ ഫീൽഡ് ജോലിയ്ക്ക് നിയോഗിക്കുവാനും, ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പ് അടിയന്തരമായി നിർത്തലാക്കുവാനും പതിനൊന്നാം ശമ്പള കമ്മീഷൻ റിപ്പോർട്ട് ശിപാർശ ചെയ്തിരുന്നു. മാത്രമല്ല സംസ്ഥാനത്ത് അതിവേഗം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഡിജിറ്റൽ സർവ്വെയുടെ ഭാഗമായി ആധുനിക സർവ്വെ ഉപകരണങ്ങളുടെ

CIVILIANZ CENTRE FOR CIVIL ENGG COMPETITIVE EXAMS SINCE 2012

ഉപയോഗം, ഭൂമിയുടെ വിശദാംശങ്ങൾ, അളവ് തുടങ്ങിയ വിവരങ്ങൾ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഫീൽഡ് ലെവലിൽ തന്നെ 'എന്റെ ഭൂമി' പോർട്ടലിൽ ചേർക്കുന്ന സർവ്വെ പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ആയതിനാൽ പരമ്പരാഗത രീതിയിലുള്ള ഓഫീസ് പരിശോധന ആവശ്യമായി വരുന്നില്ല എന്നു മാത്രമല്ല ഓഫീസ് ജോലിയേക്കാൾ ഫീൽഡ് ജോലിക്കായി കൂടുതൽ ജീവനക്കാരെ ആവശ്യമായി വരുന്ന സാഹചര്യവും നിലവിലുണ്ട് എന്ന് സർവ്വെ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരമാർശം (1) പ്രകാരം പ്രസിദ്ധീകരിച്ച കേരള സർവ്വെ ആൻറ് ലാൻഡ് റെക്കോർഡ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ പരാമർശിക്കുന്ന സർവ്വെയർ ഗ്രേഡ് II, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II എന്നീ തസ്തികകളിലേയ്ക്ക് ഇനി മുതൽ പ്രത്യേകം പ്രത്യേകം നിയമനം നടത്തേണ്ടതില്ലെന്നും , കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള തെരഞ്ഞെടുപ്പിൽഭാവിയിലെ നിയമനം "സർവ്വെയർ കം ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II" എന്ന തസ്തികയിലേയ്ക്ക് മാത്രമായി നടത്തേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

4. കേരള സർവ്വെ ആൻറ് ലാൻഡ് റെക്കോർഡ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലും സർവ്വെ മാനുവലിലും ഇപ്രകാരം വേണ്ട ഭേദഗതികൾ പിന്നീട് വരുത്തുന്നതും ഇതിന് വേണ്ട പ്രൊപ്പോസൽ സർവ്വെ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്. മേൽ പരാമർശിച്ച പ്രകാരം "സർവ്വെയർ കം ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II" തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

5. സർവ്വെയും ഭൂരേഖയും വകുപ്പിലെ സർവ്വെയർ ഗ്രേഡ് II തസ്തികയ്ക്കായി ഇതിനകം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളിലേയ്ക്ക് കാറ്റഗറി നമ്പർ 692/2022 പ്രകാരം വിജ്ഞാപനം പ്രസിദ്ധീകരിച്ച് ടി തെരഞ്ഞെടുപ്പിനായി തുടർന്നു വരുന്ന നടപടികളെ സർവ്വെയർ/ഡ്രാഫ്റ്റ്സ്മാൻ തസ്തികകളുടെ സംയോജനം ബാധിക്കുന്നതല്ല.

6.നിലവിലെ സർവ്വെയർ, ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾ ഉൾപ്പെടെയുള്ള തസ്തികകളുടെ സംയോജനം (Integration of existing officers/posts) സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർവ്വെ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

CIVILIANZ
CENTRE FOR CIVIL ENGG. COMPETITIVE EXAMS
SINCE 2012

സർവ്വെ ഡയറക്ടർ, തിരുവനന്തപുരം.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പി.എസ്.സി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
ധനകാര്യ വകുപ്പ് (Exp-D1/247/2023-FIN).
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (ADV-B2/70/2023-P&ARD).
കരുതൽ ഫയൽ/ഓഫീസ് കോപ്പി (E1/57/2023/Rev).

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Signed by
Joshy.k.l
Date: 21-03-2024 16:13:16

CIVILIANZ
CENTRE FOR CIVIL ENGG. COMPETITIVE EXAMS
SINCE 2012